# കണ്ണൂർ സർവകലാശാല
## (പരീക്ഷാ വിഭാഗം)

www.kannuruniversity.ac.in

No. EG.I./PR/2020 കെ. യു എച്ച്. ക്യു, തീയതി: 07.07.2020

**പ്രസിദ്ധീകരണത്തിന്**

**പുനർമൂല്യനിർണയഫലം**

**മൂന്നാം** സെമസ്റ്റർ **എം. എ.** (ഒക്ടോബർ 2019) പരീക്ഷകളുടെ പുനർമൂല്യനിർണയ ഫലം പ്രസിദ്ധീകരിച്ചു.

**പരീക്ഷാ വിജ്ഞാപനം**

**പാർട്ട് II – മൂന്നും നാലും** സെമസ്റ്റർ എം. എസ്. സി. **മെഡിക്കൽ മൈക്രോബയോളജി/ മെഡിക്കൽ ബയോകെമിസ്ട്രി** റെഗുലർ/ സപ്ലിമെന്ററി പരീക്ഷകൾ വിജ്ഞാപനം ചെയ്തു. നാലാം സെമസ്റ്റർ പരീക്ഷകൾക്ക് **15.07.2020** വരെയും മൂന്നാം സെമസ്റ്റർ പരീക്ഷകൾക്ക് **21.07.2020** വരെയും അപേക്ഷിക്കാം.

**ഫൈനൽ ഇയർ ബി. ഡി. എസ്. പാർട്ട് II** (2007– അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷകൾ വിജ്ഞാപനം ചെയ്തു. പരീക്ഷക്ക് **24.07.2020** വരെ അപേക്ഷിക്കാം.

വിശദമായ പരീക്ഷാവിജ്ഞാപനങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

**പ്രൊജക്റ്റ് മൂല്യ നിർണ്ണയവും വാചാ പരീക്ഷയും**

സർവകലാശാല പഠനവകുപ്പിലെ **നാലാം** സെമസ്റ്റർ **എം. ബി. എ.** (സി. സി. എസ്. എസ്. – റെഗുലർ/ സപ്ലിമെൻറി) മെയ് 2020 പരീക്ഷയുടെ പ്രൊജക്റ്റ് മൂല്യ നിർണ്ണയവും വാചാ പരീക്ഷയും **10.07.2020** ന് താവക്കര ക്യാംപസിലെ സെൻട്രൽ ലൈബ്രറി ബിൽഡിങ് ഹാളിൽ വെച്ച് നടത്തുന്നതാണ്.

ഒപ്പ്/–

**അസിസ്റ്റന്റ് രജിസ്ട്രാർ I**
**(പരീക്ഷാ വിഭാഗം)**

കണ്ണൂർ സർവകലാശാല

(വിദൂര വിദ്യാഭ്യാസ വിഭാഗം)

No. SDE-V/1/Memo/2016 തീയതി:07/07/2020

## അറിയിപ്പ്

വിഷയം:- വിദൂര വിദ്യാഭ്യാസ വിഭാഗം – രണ്ടാം വർഷ പി.ജി പരീക്ഷ ജൂൺ **2020** - പരീക്ഷാ വിവരങ്ങളും ഫീസും അറിയിക്കുന്നത് സംബന്ധിച്ച്

സൂചന:- സർവകലാശാല വിജ്ഞാപനം(No.EX/EG I/II/10224/2020 dated: 25.06.2020).

…………….

സൂചന പ്രകാരം കണ്ണൂർ സർവകലാശാലയുടെ വിദൂര വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ രണ്ടാം വർഷ പി.ജി പരീക്ഷ ജൂൺ **2020** ന് വേണ്ടിയുള്ള ഓൺലൈൻ രജിസ്ട്രേഷന്റെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വിശദമായ വിജ്ഞാപനം സർവകലാശാല വെബ് സൈറ്റിൽ (www.kannuruniversity.ac.in) നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. പ്രസ്തുത വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള പരീക്ഷാ രജിസ്ട്രേഷൻ തീയതി ക്രമം, ഫീസ് വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

**2016 & Earlier Admissions (Offline Only)**

| | പിഴയില്ലാതെ | 170/- രൂപ പിഴയോടുകൂടി |
|---|---|---|
| സർവകലാശാലയിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | **13.07.2020, 5pm** | **15.07.2020, 5pm** |

**2017 & 2018 Admission (Online Only)**

| ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയ്യതി | ഓൺലൈൻ രജിസ്ട്രേഷൻ അവസാനിക്കുന്ന തീയ്യതി | | അപേക്ഷ സർവ്വകലാശാലയിൽ എത്തിക്കേണ്ട അവസാന തീയ്യതി | പരീക്ഷ ആരംഭിക്കുന്ന തീയ്യതി |
|---|---|---|---|---|
| | പിഴയില്ലാതെ | 170/- രൂപ പിഴയോടു കൂടി | | |
| **10.07.2020 (Regular 2018 admission, Supplementary /Improvement 2017 Admission)** | **14.07.2020** | **16.07.2020** | **21.07.2020, 5pm** | പിന്നീട് അറിയിക്കുന്നതാണ് |

ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യതിനു ശേഷം 2018 **അഡ്മിഷൻ** വിദ്യാർത്ഥികൾ അപേക്ഷയുടെ പ്രിൻറ് ഔട്ട് എടുത്ത് അതിൽ ഫോട്ടോ പതിപ്പിച്ച് ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തി, താഴെ രേഖപ്പെടുത്തിയ ഫീസടച്ചതിന്റെ ഒറിജിനൽ രശീതി **സഹിതം 21.07.2020** 5 **മണിക്ക്** മുൻപായി സർവ്വകലാശാല **വിദൂര വിദ്യാഭ്യാസ വിഭാഗത്തിൽ** എത്തിക്കേണ്ടതാണ്. **തപാൽ മാർഗ്ഗമാണെങ്കിൽ** The Director, School of Distance Education, Kannur University, Thavakkara , Civil Station (P.O) Kannur -2 എന്ന അഡ്രസ്സിൽ **അയക്കുക. അപേക്ഷയുടെ കവറിന് പുറത്ത്** ‘Application for 2nd Year P.G (………………….…….) (SDE) Examination, June 2020’ **എന്ന് നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.**

**രണ്ടാം വർഷ പരീക്ഷ ഫീസ് ഘടന**

| കോഴ്സ് | തിയറി പരീക്ഷ ഫീസ് | വൈവ | പ്രൊജക്ട്/ ഡെസേർട്ടേഷൻ | സി.വി ക്യാമ്പ് ഫീസ് | ഗ്രേഡ് കാർഡ് | സെന്റർ ഫീസ് | അപേക്ഷ ഫീസ് | പ്രൊവിഷണൽ സർട്ടിഫിക്കറ്റ് | ആകെ തുക |
|---|---|---|---|---|---|---|---|---|---|
| II M.A. English | 780 | 130 | 535 | 170 | 70 | 25 | 50 | 170 | **1930** |
| II M.A. History | 910 | 130 | - | 170 | 70 | 25 | 50 | 170 | **1525** |
| II M.A. Economics | 650 | -- | - | 170 | 70 | 25 | 50 | 170 | **1135** |
| II MA Arabic | 1040 | 130 | - | 170 | 70 | 25 | 50 | 170 | **1655** |

## സപ്ലിമെൻററി/ഇംപ്രൂവ്മെൻറ് പരീക്ഷകളെഴുതുന്ന വിദ്യാർത്ഥികളുടെ ശ്രദ്ധക്ക്

രണ്ടാംവർഷ സപ്ലിമെൻററി/ഇംപ്രൂവ്മെൻറ് പരീക്ഷകളെഴുതുന്ന വിദ്യാർത്ഥികൾ പൊതു ഫീസിനത്തിൽ 315 രൂപ, തിയറി പേപ്പറൊന്നിന് 200 രൂപ, പ്രാക്ടിക്കൽ 220 രൂപ, വൈവ 130 രൂപ പ്രകാരം ഫീസടച്ച് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്. 2016 ഉം അതിനു മുമ്പും ഉള്ള വിദ്യാർത്ഥികൾ ഓഫ് ലൈനായി അപേക്ഷിക്കേണ്ടതാണ്. 2017 അഡ്മിഷൻ മുതലുള്ള വിദ്യാർത്ഥികൾ ഓൺലൈനായി രജിസ്റ്റർ ചെയത് അതിന്റെ പ്രിന്റ് ഔട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് അപേക്ഷകൾ പരീക്ഷാവിഭാഗത്തിൽ സമർപ്പിക്കേണ്ടതാണ്. തപാൽ മാർഗ്ഗം അയക്കേണ്ട വിലാസം "The Controller of Examinations, Kannur University, Thavakkara, Civil Station (P.O), Kannur-2

താഴെ കൊടുത്തിരിക്കുന്ന ഏതെങ്കിലും ഒരു വിധത്തിൽ ഫീസ് അടയ്ക്കാവുന്നതാണ്.

1. ട്രഷറി ചലാൻ - ഹെഡ് ഓഫ് അക്കൗണ്ട് 8658-00-102-96(27)KUS
2. എസ് ബി ഐ കറണ്ട് അക്കൗണ്ട് പേ-ഇൻ-സ്ലിപ്പ്
3. എസ് ബി ഐ കളക്ട് (ഓൺലൈൻ)

മറ്റ് നിർദേശങ്ങൾ

1. രണ്ടാം വർഷ പഠനത്തിനുള്ള ട്യൂഷൻ ഫീസ് അടച്ചിട്ടില്ലാത്ത വിദ്യാർത്ഥികൾ പരീക്ഷയ്ക്കുള്ള അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പായി നിശ്ചിത ട്യൂഷൻ ഫീസ് 750/ രൂപ പിഴ സഹിതം അടച്ചതിനുശേഷം ചലാൻ (ഒറിജിനൽ) വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ ഹാജരാക്കേണ്ടതാണ്.
2. അപേക്ഷയുടെ ഒന്നാം പേജിൽ മുകളിൽ വലത് വശത്തും ഫീ രശീതിയിലും എൻറോൾമെന്റ് നമ്പർ നിർബന്ധമായും എഴുതേണ്ടതാണ്.

(ഒപ്പ്)
ഡയറക്ടർക്ക് വേണ്ടി
അസിസ്റ്റൻറ് രജിസ്ട്രാർ